# MATHRUBHUMI

**Kerala Travel Mart begins on Nov 23rd**

**Date :** 18.9.2020 **| Edition : All Kerala | Page :** 9 **| Clip size (cm) : W:** 11 **H:** 5

---

# കേരള ട്രാവൽമാർട്ട് നവംബർ 23 മുതൽ

**തിരുവനന്തപുരം ▸** വിനോദസഞ്ചാരമേഖയിൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടത്തുന്ന കേരള ട്രാവൽ മാർട്ട് (കെ.ടി.എം.) കോവിഡ് ഭീഷണിയുടെ പശ്ചാത്തലത്തിൽ വെർച്വൽ മാർട്ടായി നടത്തുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പത്രസമ്മേളനത്തിൽ അറിയിച്ചു. നവംബർ 23 മുതൽ 27 വരെയാണ് വെർച്വൽ കെ.ടി.എം. നടത്തുന്നത്. 3000 ഇടപാടുകാരെ പ്രതീക്ഷിക്കുന്നു. ഫെബ്രുവരിയോടെ ടൂറിസം രംഗം സജീവമാക്കുകയാണ് ലക്ഷ്യം.

ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ 455 കോടി രൂപയുടെ സഹായപദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചത്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി സംരംഭകർക്ക് 25 ലക്ഷം രൂപ വരെ വായ്പ നൽകും. ഒരു വർഷത്തെ പലിശയുടെ പകുതി സംസ്ഥാനസർക്കാർ സബ്സിഡിയാണ്. ടൂറിസം മേഖലയിലെ ജീവനക്കാർക്ക് 20,000 മുതൽ 30,000 രൂപവരെ കേരള ബാങ്കിൽനിന്ന് വായ്പ അനുവദിക്കും. ഒമ്പത് ശതമാനം പലിശയ്ക്കാണ് ഈ വായ്പ നൽകുന്നതെങ്കിലും മൂന്ന് ശതമാനം പലിശ തൊഴിലാളികൾ അടച്ചാൽ മതിയാകും. ആറു ശതമാനം പലിശ സർക്കാർ സബ്സിഡി നൽകും.